**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **29-08-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി.വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എത്ര വിദ്യാർത്ഥികളുണ്ടെന്നും ഏതെല്ലാം കോഴ്സുകളിലാണ് ഇവർ പ്രവേശനം നേടിയിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണം ചെയ്തിട്ടില്ലാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമല്ല. മങ്കട മണ്ഡലത്തിൽ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇല്ല. പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ എന്നിവയും അധ്യയന വർഷ ആരംഭത്തിൽ ലംപ്സം ഗ്രാൻഡും അക്കാദമിക് അലവൻസും നൽകുന്നു. ഇൻസ്റ്റിറ്റ്യൂഷൻ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും പ്രൈവറ്റ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രൈവറ്റ് അക്കോമഡേഷൻ ഫീസും നൽകിവരുന്നു. പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നും ഒന്നാം വർഷ ബി.ടെക്, എം.ടെക്. എം.സി.എ. പോളിടെക്നിക് ഡിപ്ലോമ (കമ്പ്യൂട്ടർ സയൻസ്). ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം എസ് സി കമ്പ്യൂട്ടർ സയൻസ്, എം ബി എ, എം.ബി.ബി.എസ്, ബി ഡി എസ്. ബി.എ എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആൻഡ് അനിമൽ ഹസ്ബൻഡറി, ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് 25000/- രൂപ വീതം നൽകുന്നു. എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവുകൾക്ക് തുക നൽകിവരുന്നു.ഒന്നാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങുന്നതിന് 5800/-രൂപ നൽകിവരുന്നു. കേരളത്തിന് പുറത്ത് പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന പ്രസ്തുത വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു. ന്യൂനതയുള്ള അപേക്ഷകളിൽ ആയതു പരിഹരിക്കുന്ന മുറക്ക് സ്കോളർഷിപ് അനുവദിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകി വരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; 2022-ൽ എന്തെല്ലാം സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള കുടിശ്ശികയുണ്ടോ; എങ്കിൽ ആയത് അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കുമോ? | (ബി) | പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണം ചെയ്തിട്ടില്ലാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമല്ല. മങ്കട മണ്ഡലത്തിൽ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇല്ല. പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ എന്നിവയും അധ്യയന വർഷ ആരംഭത്തിൽ ലംപ്സം ഗ്രാൻഡും അക്കാദമിക് അലവൻസും നൽകുന്നു. ഇൻസ്റ്റിറ്റ്യൂഷൻ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും പ്രൈവറ്റ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രൈവറ്റ് അക്കോമഡേഷൻ ഫീസും നൽകിവരുന്നു. പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നും ഒന്നാം വർഷ ബി.ടെക്, എം.ടെക്. എം.സി.എ. പോളിടെക്നിക് ഡിപ്ലോമ (കമ്പ്യൂട്ടർ സയൻസ്). ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം എസ് സി കമ്പ്യൂട്ടർ സയൻസ്, എം ബി എ, എം.ബി.ബി.എസ്, ബി ഡി എസ്. ബി.എ എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആൻഡ് അനിമൽ ഹസ്ബൻഡറി, ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് 25000/- രൂപ വീതം നൽകുന്നു. എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവുകൾക്ക് തുക നൽകിവരുന്നു.ഒന്നാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങുന്നതിന് 5800/-രൂപ നൽകിവരുന്നു കേരളത്തിന് പുറത്ത് പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന പ്രസ്തുത വിദ്യാർത്ഥികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു ന്യൂനതയുള്ള അപേക്ഷകളിൽ ആയതു പരിഹരിക്കുന്ന മുറക്ക് സ്കോളർഷിപ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ